# കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു)

# സംസ്ഥാന നേതൃത്വകൺവെൻഷൻ

## 2014 മാർച്ച് 22 രാവിലെ 10 ന് ജവഹർ ബാലഭവൻ, തൃശൂർ

## ഉദ്ഘാടനം : സ: എ. കെ. ബാലൻ MLA

സഖാക്കളെ, സുഹൃത്തുക്കളെ,

ഭരണകൂട നയങ്ങൾ സമസ്തവിഭാഗം തൊഴിലാളികൾക്കും തീരാദുഃഖം വിതയ്ക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. വികസനം എന്നത് ഒരു കൂട്ടം കോർപ്പറേറ്റ് ഭീമൻമാരുടെ വികസനമായി മാറുകയാണ്. തൊഴിലാളികളുടെ തുച്ഛ വേതനവും വാർദ്ധക്യകാലത്തെ നാമമാത്രപെൻഷനും ബാദ്ധ്യതയായി കണക്കാക്കുന്ന നയങ്ങൾ ഇടപെട്ട് തിരുത്താതെ തൊഴിലാളികൾക്ക് മുന്നോട്ടുപോകാനാവില്ല. കക്ഷിരാഷ്ട്രീയ പരിഗണനകൾക്ക് അതീതമായി രാജ്യത്തെ തൊഴിലാളികൾ സംയുക്തമായി മുന്നോട്ടുവച്ച മുദ്രാവാക്യങ്ങൾ (എല്ലാപേർക്കും സുനിശ്ചിതമായ പെൻഷൻ, പരിധിയില്ലാതെ ബോണസ്, പൊതുമേഖലകളുടെ സംരക്ഷണം മുതലായവ) നടപ്പിൽവരുത്തുന്നതിന് ഉണർന്ന് പ്രവർത്തിക്കാനുള്ള ബാദ്ധ്യതയും ഉത്തരവാദിത്വവും നമുക്കുണ്ട്.

KSFE ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് നയാപൈസ നൽകില്ലെന്ന മാനേജ്മെന്റിന്റെയും സർക്കാരിന്റെയും നിലപാട് നാം മറക്കില്ല. മാത്രമല്ല സ്വന്തം പ്രോവിഡന്റ് ഫണ്ടിലെ തുക പെൻഷൻ ഫണ്ടിലേയ്ക്ക് മാറ്റണമെന്ന തൊഴിലാളികളുടെ ആവശ്യത്തിന്മേൽ കേന്ദ്ര ഭരണകൂട നയം തടസ്സമായി നിൽക്കുന്നു. തുച്ഛ വരുമാനക്കാരായ തൊഴിലാളികളുടെ ആവശ്യം ബഹു ഹൈക്കോടതി അംഗീകരിച്ചിട്ടും, സുപ്രീം കോടതിയിൽ SLP File ചെയ്ത് വൈകിപ്പിക്കുന്നതും ബുദ്ധിമുട്ടിക്കുന്നതുമാണ് ഭരണനയങ്ങൾ എന്ന് നാം തിരിച്ചറിയണം. ഏറ്റവും സാമൂഹ്യമായ ഉള്ളടക്കമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ തകർത്തതിനുശേഷം, EPS' 95 നെ കൂടുതൽ തൊഴിലാളി വിരുദ്ധമാക്കുന്ന നയങ്ങൾ തുടരെ തുടരെ സ്വീകരിക്കുകയാണ്.

കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള കമ്മീഷൻ ചെയർമാന്റെ പ്രതിലോമകരമായ നിലപാടുകൾ കണ്ടില്ലെന്ന് നടിക്കുന്നത് ആത്മഹത്യാപരമായിരിക്കും. ശമ്പളപരിഷ്കരണമല്ല ഭരണപരിഷ്കാരമാണ് വേണ്ടതെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അത്യന്തം തൊഴിലാളി വിരുദ്ധമായ ഈ നിലപാട് നമുക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. ഉഭയകക്ഷികരാറിന്റെ അന്തസത്തയെ തകർക്കുന്ന സർക്കുലർ (നമ്പർ. 25/12/Fin/4-5-12) നമുക്ക് മുകളിൽ ഡെമോക്ലേസിന്റെ വാൾ പോലെ നിൽക്കുന്ന സാഹചര്യവും നാം ശരിയായി വിലയിരുത്തണം.

നമ്മുടെ പ്രമോഷനുകൾ, അവകാശ -ആനുകൂല്യ സംരക്ഷണം എന്നിവ വലിയ പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ടതുണ്ട്. CASBA ഒരുക്കുന്ന സാധ്യതകളും അവസരങ്ങളും ഒപ്പം വെല്ലുവിളികളും നാം ചർച്ചചെയ്യേണ്ടതുണ്ട്. ജീവനക്കാരുടെ ആശങ്കയകറ്റുന്നതിന് അവരെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നടപടികൾ സ്വീകരിയ്ക്കാൻ മാനേജ്മെന്റ് ഇനിയും തയ്യാറായിട്ടില്ല. മേൽ സൂചിപ്പിച്ച വിഷയങ്ങൾ മുഖ്യ പ്രാധാന്യം നൽകി ചർച്ചചെയ്യുന്ന അസോസിയേഷന്റെ നേതൃത്വ കൺവെൻഷൻ 22-3-2014ന് രാവിലെ 10 മണിയ്ക്ക് തൃശൂരിൽ ചേരുകയാണ്. **ജവഹർ ബാലഭവനിൽ** (HO യ്ക്ക് സമീപം) ചേരുന്ന കൺവെൻഷൻ സംഘടനയുടെ പ്രസിഡന്റ് **സ: എ.കെ.ബാലൻ** എം.എൽ.എ ഉദ്ഘാടനം ചെയ്യും. സി.ഐ.ടി.യു തൃശൂർ ജില്ലാസെക്രട്ടറി **സ: എം.എം.വർഗീസ്** അഭിവാദ്യം ചെയ്യും. സംഘടനയുടെ സംസ്ഥാന കമ്മിറ്റിയംഗങ്ങൾ, ജില്ലാ ഭാരവാഹികൾ, വനിതാ സബ്കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുക്കുന്ന കൺവെൻഷൻ ചരിത്രവിജയമാക്കുന്നതിന് ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

*അഭിവാദനങ്ങളോടെ,*

**എസ്.മുരളികൃഷ്ണപിള്ള**

14-03-2014

*ജനറൽ സെക്രട്ടറി*

# എന്തുകൊണ്ടാണ്....

പെട്രോളിയം വിലനിയന്ത്രണം എടുത്തു കളഞ്ഞത്......

ഗ്യാസിന്റെ സബ്സിഡി എടുത്തുകളയുന്നത്......

വളത്തിന്റെ സബ്സിഡി വെട്ടിക്കുറക്കുന്നത്......

പഞ്ചസാരയുടെ സബ്സിഡി എടുത്തുകളയുന്നത് ......

ചെറുകിടവ്യാപാര മേഖലയിൽ വിദേശ നിക്ഷേപം വരുന്നത്......

ഡീസലിന്റെ വിലനിയന്ത്രണവും എടുത്തു കളയാനൊരുമ്പെടുന്നത്......

രാജ്യത്തെ വൈദ്യുത മേഖല സ്വകാര്യ മേഖലക്ക് കൈമാറാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെടുന്നത്......

അവശ്യ മരുന്നുകളുടെ വില നിയന്ത്രണം കൈയ്യൊഴിയുന്നത്......

രാജ്യത്തെ അഴിമതിയുടെ പൂരപ്പറമ്പാക്കുന്നത്......

ദശലക്ഷക്കണക്കിന് ജീവനക്കാരുടെ പെൻഷൻ തകർത്തുകളഞ്ഞ് പി.എഫ്.ആർ.ഡി.എ ബിൽ പാസാക്കുന്നത്......

ബാങ്കിംഗ് മേഖല ...... ഇൻഷുറൻസ് മേഖല ...... ടെലികോം മേഖല ...... മറ്റ് നിരവധി പൊതുമേഖലകളിൽ സ്വകാര്യ വത്കരണവും വിദേശ നിക്ഷേപവും വരുന്നത് ......

**ഏറ്റവുമൊടുവിൽ**

**റെയിൽവേ നിരക്ക് വർദ്ധിപ്പിക്കാനുള്ള അധികാരം**

**റെഗുലേറ്ററി കമ്മീഷന് വിട്ടുകൊടുത്തിരിക്കുന്നത്......**

## ഉത്തരം തേടുക......

## സത്യസന്ധമായി......

## നിങ്ങളുടെ യുക്തിയിൽ......

GV Ofset Printers, BLPM # 2400516